പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1495    16.03. 2015- ലെ മറുപടി

## ഗൾഫ് നാട്ടുകളിൽ വിചാരണ നേരിടുന്ന കേരളീയർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) നിലവിൽ എത്ര കേരളീയർ ഗൾഫ് നാട്ടുകളിൽ വിവിധ കേസുകളിൽ കുറ്റം ആരോപിക്കപ്പെട്ട് വിചാരണ നേരിടുന്നുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) ഗൾഫ് നാട്ടുകളിൽ വിവിധ കേസുകളിൽ കുറ്റം ആരോപിക്കപ്പെട്ട് വിചാരണ നേരിടുന്നവരുടെ സംസ്ഥാനം തിരിച്ചുള്ള വിവരം ഇന്ത്യൻ എംബസി ശേഖരിച്ചിട്ടില്ല. |
| (ബി)ഇവർക്ക് നിയമ സഹായം ഉറപ്പുവരുത്തുന്നതിന് നോർക്ക വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കാമോ? | ബി) വിദേശരാജ്യങ്ങളിൽ തങ്ങളുടേതല്ലാത്ത കാരണങ്ങൾക്കും ചെറിയ കുറ്റകൃത്യങ്ങൾക്കും ജയിലിലകപ്പെടുന്ന പ്രവാസി മലയാളികളെക്കുറിച്ച് വിവരം ലഭിക്കുന്ന അവസരത്തിൽ തന്നെ ഇന്ത്യൻ എംബസിയുമായി ബന്ധപ്പെട്ട് അവരുടെ മോചനത്തിനും തിരികെ നാട്ടിലെത്തിക്കുന്നതിനും നോർക്ക വകുപ്പ് നടപടി സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ വിദേശ ജയിലുകളിൽ കഴിയുന്ന പ്രവാസി മലയാളികൾക്ക് ആവശ്യമായ നിയമ സഹായം നൽകുക, വിവിധ കാരണങ്ങളാൽ വിദേശരാജ്യങ്ങളിലെ താമസത്തിനിടെ നിയമസഹായമാവശ്യമുള്ളവർക്ക് അത് ലഭ്യമാക്കുക, അഭയം ആവശ്യമായിവരുന്ന കേരളീയ സ്ത്രീകളെ എംബസികളിൽ എത്തിക്കുന്നതിന് ആവശ്യമായിവരുന്ന വാഹന ചെലവ് വഹിക്കുക എന്നീ ലക്ഷ്യങ്ങൾ മുന്നിൽക്കണ്ട് പ്രവാസി നിയമസഹായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനായി നോർക്ക റൂട്ട്സിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രവാസി സംഘടനകൾ, വിദേശ രാജ്യങ്ങളിലെ എംബസി, എംബസി നിർദ്ദേശിക്കുന്ന നിയമ വിദഗ്ദ്ധർ തുടങ്ങിയവരുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെയും, പ്രവാസികാര്യ മന്ത്രാലയത്തിന്റേയും സഹകരണം അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ